**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5344 — 26.03.2018- ൽ മറുപടിയ്ക്ക്

**<u>കോതമംഗലം താലൂക്കിലെ പട്ടയ വിതരണം</u>**

| ചോദ്യം<br>ശ്രീ.ആന്റണി ജോൺ | | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) 1977 ന മുമ്പ് വനഭൂമി കൈവശംവെച്ച് അനുഭവിക്കുന്നവരും റവന്യൂ തരിശ് പുറമ്പോക്ക് ഭൂമികളിൽ അധിവസിക്കുന്നവരുമായ കോതമംഗലം താലൂക്കിലെ ആയിരക്കണക്കിന് അപേക്ഷകർക്ക് പട്ടയം നൽകുന്നതിനുള്ള കാര്യത്തിൽ സ്വീകരിച്ച നടപടി വിശദീകരിക്കുമോ; | എ) | 01.01.1977 ന് മുൻപ് വനഭൂമി കൈവശം വെച്ച് അനുഭവിച്ച് വന്നിരുന്നതും റവന്യൂ-വനം വകുപ്പ് സംയുക്ത പരിശോധന ലിസ്റ്റിൽ ഉൾപ്പെട്ടതുമായ മുഴുവൻ ആളുകൾക്കും പട്ടയം നൽകിയിട്ടുള്ളതാണ്. വനഭൂമി പതിവിന് നിലവിൽ ലഭിച്ചിട്ടുള്ള ആയിരത്തോളം അപേക്ഷകളിൽ തുടർനടപടി സ്വീകരിക്കുന്നതിന് വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന ആവശ്യമാണ്. റവന്യൂ - തരിശ് ഭൂമികൾ കൈവശംവെച്ച് വരുന്നവരുടെ 300 ഓളം അപേക്ഷകളിൽ 133 കേസുകൾ എൽ.എ കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതും ആയതിൽ 46 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതുമാണ്. ബാക്കിയുള്ള കേസുകളിൽ നടപടിക്രമങ്ങൾ തുടർന്ന് കൊണ്ടിരിക്കുകയാണ്. |
| (ബി) ഇടുക്കി ജില്ലയിൽ പതിനായിരത്തിൽ അധികം പേർക്ക് പട്ടയം നൽകിയ സാഹചര്യത്തിൽ ഇടുക്കി ജില്ലയുടെ ഭാഗമായിരുന്ന കുട്ടമ്പുഴ പഞ്ചായത്തിലെ (ഇപ്പോൾ കോതമംഗലം താലൂക്ക്) പട്ടയം ലഭിക്കുവാനുള്ള മൂവായിരത്തിൽപ്പരം കർഷകർക്ക് ഇടുക്കി പാക്കേജിന്റെ ഭാഗമായി പട്ടയം നൽകുവാനുള്ള നടപടി സ്വീകരിക്കുമോ;<br>(സി) പ്രസ്തുത താലൂക്കിലെ നേര്യമംഗലം, പിണ്ടിമന, കീരംപാറ പഞ്ചായത്തുകളിലെ കർഷകർക്ക് ഇടുക്കി പാക്കേജിന്റെ ഭാഗമായി പട്ടയം നൽകുവാനുള്ള നടപടി സ്വീകരിക്കുമോ; | ബി)<br>&<br>സി) | കുട്ടമ്പുഴ, നേര്യമംഗലം, കീരമ്പാറ വില്ലേജുകൾ ഹിൽ ട്രാക്റ്റിൽ ഉൾപ്പെട്ട് വരുന്നുണ്ടെങ്കിലും എറണാകുളം ജില്ലയുടെ ഭാഗമായി വരുന്നതിനാൽ ഭൂമി പതിവുമായി ബന്ധപ്പെട്ട പൊതു നിയമങ്ങൾ മാത്രമാണ് ബാധകമായിട്ടുള്ളത്. |
| (ഡി) ഇതിലേക്കായി നിലവിലുണ്ടായിരുന്നതും ഇടയ്ക്ക് നിർത്തലാക്കിയതുമായ സ്പെഷ്യൽ തഹസീൽദാർ ആഫീസ് പുനസ്ഥാപിച്ച് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | ഡി) | മേൽ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

**സെക്ഷൻ ഓഫീസർ**